പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1990 17.12..2012 -ൽ മറുപടിയ്ക്ക്

# ഒരു വർഷത്തെ കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷം നവംബറിൽ ഒരു വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികളിൽ ആഭ്യന്തര വകുപ്പിനുള്ള പദ്ധതികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | എ | ആഭ്യന്തര വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾക്കായി ഒരു വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>സംസ്ഥാന പോലീസ് വകുപ്പ്.<br>1. നോക്കുകൂലിയും അമിതകൂലിയും ഇല്ലാതാക്കുക.<br>2. ഗുണ്ടാ ആക്റ്റിൽ ആവശ്യമായ മാറ്റം വരുത്തി ഇതു ശക്തിപ്പെടുത്തുക.<br>3. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സഹായിക്കുന്ന തരത്തിൽ ഇലക്ട്രോണിക് ബീറ്റ് സംപ്രദായം ആരംഭിക്കുക.<br>4. പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുവാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും, ഹെൽപ്പ് ഡെസ്ക് ഏർപ്പെടുത്തുക, ഹെൽപ്പ് ഡെസ്കുകളിൽ ഒരു വനിതാ സിവിൽ പോലീസ് ഓഫീസർ ഉണ്ടായിരിക്കും.<br>5. വനിതാ ഹെൽപ്പ് ഡെസ്കുകൾ 150 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കുക.<br>6. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വഴി പോലീസ് സ്റ്റേഷനുകളിൽ നടപടിയെടുക്കേണ്ട പരാതി സ്വീകരിക്കാനായി ഒരു പുതിയ കൗണ്ടർ തുടങ്ങുക. |

| | | | |
|---|---|---|---|
| | | | 7. സ്ത്രീകൾക്കെതിരെയുള്ള ഏത് അതിക്രമത്തിനും എതിരെ ഉടൻ നടപടിയെടുക്കുന്നതിനായി ഒരു കോൾ സെന്ററും ദ്രുതകർമ്മ വിഭാഗവും എല്ലാ ജില്ലകളിലും ആരംഭിക്കുക.<br>8. തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് "തിരുവനന്തപുരം സിറ്റി പോലീസ്" എന്ന നാമധേയത്തിൽ പ്രത്യേക യൂണിഫോമോടു കൂടി പോലീസ് കമ്മീഷണറുടെ കീഴിൽ പ്രത്യേക പോലീസ് സംവിധാനം " SWAT- Swift Action Team " രൂപീകരിക്കുക.<br>9. ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുക.<br>10. ഫോറൻസിക് ലബോറട്ടറികൾക്ക് ഓഡിയോ വീഡിയോ അനാലിസിസ് ഉപകരണങ്ങൾ വാങ്ങി നൽകുക.<br>11. സി.ബി.ഐ. മാതൃകയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കുക<br>12. സംസ്ഥാന പ്രത്യേക സുരക്ഷാ സേന (State Special Security Force/ State Industrial Security Force) രൂപീകരിക്കുക.<br>13. മെച്ചപ്പെട്ട ട്രാഫിക് സംവിധാനം ഒരുക്കുന്നതിനും ട്രാഫിക് നിയമ ലംഘനം കണ്ടെത്തുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിനും ട്രാഫിക് നിയമലംഘനം കണ്ടെത്തുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനം 300 കേന്ദ്രങ്ങളിൽ കൂടി വ്യാപിപ്പിക്കുക<br>14. ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തും. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച വിധത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.<br><br><u>ജയിൽ വകുപ്പ്</u><br>1. സെൻട്രൽ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ കണ്ണൂർ, ജില്ലാ ജയിൽ കോഴിക്കോട്, തുറന്ന ജയിൽ നെട്ടുകാൽത്തേരി, ജില്ലാ ജയിൽ കൊല്ലം, സബ് ജയിൽ കൊട്ടാരക്കര, സബ് ജയിൽ പത്തനംതിട്ട, സ്പെഷ്യൽ സബ് ജയിൽ വിയ്യൂർ, എന്നീ ജയിലുകളിൽ 85 ലക്ഷം രൂപ |

മുതൽ മുടക്കി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

2. സ്പെഷ്യൽ സബ് ജയിൽ പാലക്കാട്, സബ് ജയിൽ ഹോസ്ദുർഗ്, കൊയിലാണ്ടി, മാനന്തവാടി, ഒറ്റപ്പാലം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, വടകര, വൈത്തിരി, വിയ്യൂർ, ചാവക്കാട്, തുറന്ന ജയിൽ ചീമേനി, ജില്ലാജയിൽ എറണാകുളം, സിക്കാ എക്സ്റ്റൻഷൻ സെന്റർ വിയ്യൂർ, കണ്ണൂർ, തുറന്ന ജയിൽ നെട്ടുകാൽത്തേരി എന്നീ ജയിലുകളിൽ 14.80 ലക്ഷം രൂപ ചെലവിൽ ഗ്യാസ് കുക്കിംഗ് സിസ്റ്റം സ്ഥാപിക്കുക.
3. തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ അതീവ സുരക്ഷാ ജയിൽ സ്ഥാപിക്കുക.
4. തടവുകാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി തുറന്ന ജയിൽ, ചീമേനിയിൽ ഡയറി ഫാം ആരംഭിക്കുക.
5. തുറന്ന ജയിൽ നെട്ടുകാൽത്തേരിയിൽ, പന്നി വളർത്തൽ കേന്ദ്രം ആരംഭിക്കുക.
6. വിവിധ ജയിലുകളിൽ പാചകത്തിന് ആവശ്യമായ പാത്രങ്ങൾ വാങ്ങുക.
7. തടവുകാർ യന്ത്രസഹായത്താൽ ഉണ്ടാക്കുന്ന ചപ്പാത്തി തീഹാർ ജയിൽ മാതൃകയിൽ വാണിജ്യ അടിസ്ഥാനത്തിൽ വിപണനം നടത്തുക.

<u>ഫയർ ആൻറ് റെസ്ക്യൂ സർവ്വീസ്</u> :

പത്തനംതിട്ട ജില്ലയിലെ സീതത്തോടും എറണാകുളം ജില്ലയിലെ പട്ടിമറ്റത്തും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരും ഇടുക്കി ജില്ലയിലെ മൂലമറ്റത്തും പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിലെ വിയ്യൂർ ഫയർ സർവ്വീസ് അക്കാഡമിയിൽ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ സ്വിമ്മിംഗ് പൂൾ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ച് കൊണ്ടുള്ള ഓഫീസുകൾ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിൽ ട്രാൻസ്പോർട്ട് വിംഗ് രൂപീകരണം ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് 16 മിനി വാട്ടർ ടെൻഡറുകളും, അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൽ നിന്നും ലഭ്യമായിട്ടുള്ള തുക ഉപയോഗിച്ച് 12 മിനി വാട്ടർ മിസ്റ്റ് ടെൻഡറുകളും സെൻട്രലി

| | | | |
|---|---|---|---|
| | | | സ്പോൺസേർഡ് സ്കീമിൽ നിന്നും ലഭ്യമായിട്ടുള്ള തുക ഉപയോഗിച്ച് 3 ക്വിക് റെസ്പോൺസ് വെഹിക്കിളും വാങ്ങുന്നതിനുള്ള നടപടികൾ, സ്റ്റേഷൻ ഓഫീസർ, ഫയർമാൻ, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ എന്നീ തസ്തികകളിലെ മുഴുവൻ ഒഴിവുകളും ഈ വർഷം തന്നെ നികത്തുക, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാടും മലപ്പുറം ജില്ലയിലെ തിരൂരും ഫയർ സ്റ്റേഷനുകൾക്കു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുക.<br>വിജിലൻസ് വകുപ്പ്<br>1. പോലീസ് സേനയുടെ നവീകരണത്തിന് സമാനമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ നവീകരിക്കും.<br>2. വിജിലൻസ് ലോകായുക്ത നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള 4 അംഗ കമ്മിറ്റി, അഴിമതി നിരോധന നിയമങ്ങളും നടപടി ക്രമങ്ങളും പരിശോധിച്ച് സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിലാക്കും.<br>3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഫലപ്രദമായ അഴിമതി നിരോധന സംവിധാനമാക്കി മാറ്റുന്നതിനും സമയബന്ധിതമായി വിജിലൻസ് അന്വേഷണങ്ങൾ പൂർത്തിയാക്കി അന്വേഷണങ്ങളെ മൂന്ന് വിഭാഗങ്ങളായി (A, B & C) തരംതിരിച്ച് അന്വേഷണപ്രക്രിയ ത്വരിതപ്പെടുത്തും. |
| ബി | പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ; | ബി | ജയിൽ വകപ്പിലും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിലും ബഹു. മുഖ്യമന്ത്രി ഒരു വർഷത്തെ കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന പോലീസ് വകുപ്പിൽ ഇലക് ട്രോണിക് ബീറ്റ് സിസ്റ്റം, സ്വിഫ്റ്റ് ആക്ഷൻ ടീം, ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴി പരാതി സ്വീകരണ പദ്ധതി തുടങ്ങിയവ പരീക്ഷണാടിസ്ഥാനത്തിൽ ചില ജില്ലകളിൽ മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ. പൊതുജനങ്ങളിൽ നിന്നുള്ള പ്രതികരണം മനസിലാക്കി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി | ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കുമോ; | സി | താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്.<br>1. ഗുണ്ടാ ആക്ടിൽ ആവശ്യമായ മാറ്റം വരുത്തി ഇതു ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച്;<br>2. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സഹായിക്കുന്ന തരത്തിൽ ഇലക്ട്രോണിക് ബീറ്റ് സംബ്രദായം ആരംഭിക്കുന്നത് സംബന്ധിച്ച്;<br>3. സ്ത്രീകൾക്കെതിരെയുള്ള ഏത് അതിക്രമത്തിനും എതിരെ ഉടൻ നടപടിയെടുക്കുന്നതിനായി ഒരു കോൾ സെന്ററും ദ്രുതകർമ്മ വിഭാഗവും എല്ലാ ജില്ലകളിലും ആരംഭിക്കുന്നത് സംബന്ധിച്ച്;<br>4. ഫോറൻസിക് ലബോറട്ടറികൾക്ക് ഓഡിയോ, വീഡിയോ അനാലിസിസ് ഉപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്;<br>5. സി.ബി.ഐ. മാതൃകയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കുന്നത് സംബന്ധിച്ച്;<br>6. സംസ്ഥാന പ്രത്യേക സുരക്ഷാ സേന (State Special Security Force/ State Industrial Security Force) രൂപീകരിക്കുന്നത് സംബന്ധിച്ച്;<br>7. ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച വിധത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത്. |
| ഡി | നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി | എല്ലാ പദ്ധതികളും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.